# കേരള സർക്കാർ

## ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

## സർക്കുലർ

നമ്പർ 1722/എ2/12/ശാ.സാ.വ. *തിരുവനന്തപുരം, 2013 ജനുവരി 26.*

*വിഷയം:*—ശാസ്ത്ര സാങ്കേതിക വകുപ്പ്—കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി—തീരദേശ മേഖലയിലെ കെട്ടിട നിർമ്മാണം—CRZ ക്ലിയറൻസിനുള്ള നടപടിക്രമങ്ങൾ—സംബന്ധിച്ച്.

*സൂചന :*—1. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 6-1-2011-ലെ S. O. No. 19(E) തീരദേശ നിയന്ത്രണ വിജ്ഞാപനം, 2011.

2. 4-11-2010-ലെ 87370/ആർ.എ.1/[illegible] സ്വ.ഭ.വ. നമ്പർ സർക്കുലർ.

3. 6-10-2012-ലെ മത്സ്യ തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ Sy. 62/12/മ.തു.പരി.വ. നമ്പർ അ.ഔ. കുറിപ്പ്.

1991 ഫെബ്രുവരി 19-ലെ പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ എസ്. ഒ. 114 (ഇ) നമ്പർ വിജ്ഞാപനം മരവിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ 2011 ജനുവരി 6-ലെ ഭാരതീയ ഗസറ്റ്, അസാധാരണം ഭാഗം 2, വിഭാഗം 3, ഉപവിഭാഗം (ii)-ൽ സി.ആർ.ഇസഡ്. വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തീരദേശ സംരക്ഷണം, തീരദേശ നിവാസികളുടെ സുരക്ഷിതത്വം, സുസ്ഥിര വികസനം എന്നിവ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ നടപ്പാക്കുക എന്നതാണ് ഈ വിജ്ഞാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. ഇത് ഉറപ്പാക്കുന്നതിനായി തീരദേശത്തെ പല നിയന്ത്രണ മേഖലകളായി തിരിക്കുകയും പ്രസ്തുത മേഖലകളിൽ വികസന/നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്തിട്ടുമുണ്ട്. പ്രസ്തുത വിജ്ഞാപനം കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. (www.moef.nic.in)

മേൽപ്പറഞ്ഞ വിജ്ഞാപനത്തിൽ നിരോധിത പ്രവർത്തനങ്ങൾ അനുവദനീയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിക്കുന്ന വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.

GCPT. 3/1437/2013/DTP.

അനുവദനീയ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുന്നതിന് വേണ്ട അപേക്ഷ നൽകാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിജ്ഞാപനത്തിന്റെ 4.2 ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് CRZ ക്ലിയറൻസിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന അപേക്ഷ നൽകേണ്ടതാണ്. ഇതോടൊപ്പം പദ്ധതിയുടെ വിശദമായ വിവരം, അടങ്കൽ തുക സംബന്ധിച്ച വിശദാംശങ്ങളും നൽകേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാക്ഷ്യപ്പെടുത്തിയ പ്ലാൻ സഹിതം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പരിഗണനയ്ക്കായി നൽകേണ്ടതാണ്.

ഭവന നിർമ്മാണത്തിനായുള്ള അപേക്ഷകൾ CRZ ക്ലിയറൻസിനുള്ള ഫോർമാറ്റ് (ഉള്ളടക്കം ചെയ്യുന്ന) ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ സഹിതം നൽകേണ്ടതാണ്. അപേക്ഷയിൽ പുതിയ നിർമ്മാണം/പുനർ നിർമ്മാണം ഇവയിൽ ഏതാണെന്ന് വ്യക്തമാക്കണം. 100 മീറ്ററിൽ താഴെ വീതിയുള്ള ജലാശയമാണെങ്കിൽ ആയതിന്റെ വീതി എത്രയെന്ന് കൃത്യമായി അപേക്ഷയിലും പ്ലാനിലും രേഖപ്പെടുത്തിയിരിക്കണം. പുനർ നിർമ്മാണമാണെങ്കിൽ പ്രസ്തുത പഴയ കെട്ടിടം അംഗീകൃതമാണോ? (അതായത് 1991 ഫെബ്രുവരി 19-ന് മുമ്പ് കെട്ടിട നമ്പർ നൽകിയിട്ടുണ്ടോ?) എങ്കിൽ അതിന്റെ പ്ലിന്ത് ഏരിയ എത്രയാണ് എന്നും അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം. കെട്ടിടത്തിന്റെ പ്ലാനിലെ അളവുകൾ ശരിയായിട്ടുള്ളതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം സർട്ടിഫൈ ചെയ്തിരിക്കണം.

ഇത് കൂടാതെ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകളും, പരമ്പരാഗത നിവാസികളുടെ ഭവന നിർമ്മാണത്തിനുള്ള അപേക്ഷകളും സൂചന-2-ലെ സർക്കുലറിലെ വ്യവസ്ഥകൾക്കനുസൃതമായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പരിഗണനയ്ക്ക് നൽകേണ്ടതാണ്. മത്സ്യ തൊഴിലാളികൾക്ക് പഞ്ചായത്തുകൾ ഭവന നിർമ്മാണത്തിനുള്ള അനുമതി നിഷേധിക്കുന്നു എന്ന് സൂചന-3-ലെ കത്ത് പ്രകാരം അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അപേക്ഷകളിന്മേൽ ടി നിർദ്ദേശങ്ങൾക്കും, 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്കും അനുസൃതമായി നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

CRZ ക്ലിയറൻസിനുവേണ്ടിയുള്ള അപേക്ഷകൾ താഴെപ്പറയുന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്:

മെമ്പർ സെക്രട്ടറി,
കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി,
ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്,
ശാസ്ത്ര ഭവൻ,
പട്ടം, തിരുവനന്തപുരം-695 004.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ലഭിക്കുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. സി.ആർ.ഇസഡ്. (CRZ) വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ ലംഘനത്തിനെതിരെ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടി സ്വീകരിക്കപ്പെടുന്നതായിരിക്കും.

(ഒപ്പ്)

വി. എൻ. രാജശേഖരൻ പിള്ള,
*എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി.*

സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ തുറമുഖ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ കളക്ടർമാർ.

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ } (സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം സഹിതം ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർക്ക് അടിയന്തിരമായി ലഭ്യമാക്കുന്നതിനായി.)

ഡയറക്ടർ, പി.ആർ.ഡി. (പത്ര/ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചരണം നൽകുന്നതിനായി).

മെമ്പർ സെക്രട്ടറി, KSCSTE (അറിവിലേക്കായി).

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

<u>പകർപ്പ്</u>—

P. A. to Chairman, KCZMA.
P. A. to Member Secretary, KCZMA.
Joint Secretary, Science and Technology Department.
Under Secretary, Science and Technology Department.
Science and Technology (A-3) Seat.
SF/OC.